"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 03-02-2023

## സർക്കുലർ നം 04/2023

ജയിൽ വകുപ്പിൽ ഇ-പ്രിസൺസ്, വെബ് സൈറ്റ് , ഫേസ് ബുക്ക് എന്നിവ കാര്യക്ഷമമാക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ് .

## ഇ-പ്രിസൺസ്

1) ഇ-പ്രിസൺസിൽ തടവുകാരുമായി ബന്ധപ്പെട്ട പ്രാഥമിക വിവരങ്ങളും ഫോട്ടോ,കേസ്,ഫിംഗർപ്രിൻറ്,ലോഡ്ജിംഗ്, കൺവിക്ഷൻ, കുടിക്കാഴ്ച തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ചില ജയിലുകളിൽ സമയബന്ധിതമായി എന്റർ ചെയ്യാത്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.ഇ-പ്രിസൺസ് ഡേറ്റ ICJS മുഖേന പോലീസ്, കോടതി തുടങ്ങിയ വകുപ്പുകൾക്ക് ലഭ്യമാക്കിട്ടുള്ളതിനാൽ ഡേറ്റ അപ്ഡേഷൻ കൃത്യമായി ചെയ്യേണ്ടത് വളരെ പ്രാധാന്യമുള്ളതാണ്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും സമയബന്ധിതമായി കൃത്യതയോടെ ഡേറ്റ എൻട്രി ചെയ്യേണ്ടതാണ്. ഇക്കാര്യം സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്

2) ശിക്ഷിക്കപ്പെട്ട് ജയിലിൽ പ്രവേശിപ്പിക്കുന്ന തടവുകാരുടെ ശിക്ഷാ കാൽക്കുലേഷൻ ഇ-പ്രിസൺസിൽ PDR2 മുഖേന യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതും, എല്ലാ കേസുകളിലേയും ശിക്ഷാ കാൽക്കുലേഷൻ എന്റർ ചെയ്തു എന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതുമാണ്

3) ഇ-പ്രിസൺസിലെ വിവിധ മൊഡ്യൂളുകളായ പ്രിസണർ മാനേജ്മെൻ്റ് സിസ്റ്റം, വിസിറ്റർ മാനേജ്മെൻറ് സിസ്റ്റം എന്നിവയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിലോ അപാകതകൾ ഉണ്ടെങ്കിലോ, അത് സംബന്ധിച്ച അഭിപ്രായം അറിയിക്കേണ്ടതാണ്.

4) എല്ലാ ജയിലുകളിലും ഇ-പ്രിസൺസുമായി ബന്ധപ്പെട്ട് പെൻ്റിംഗ് ഡേറ്റ എൻട്രി ഉള്ളതിന്റെ സ്റ്റാറ്റസ് ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നും പരിശോധിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതിനാൽ എല്ലാ സ്ഥാപനങ്ങളും ഇ-പ്രിസൺ ഡേറ്റ എൻട്രി എത്രയും വേഗം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.പ്രസ്തുത പരിശോധനയിൽ പെന്റിംഗ് ഡേറ്റ എൻട്രി ഉള്ളതായി കാണുകയാണെങ്കിൽ സ്ഥാപന മേധാവി, ഇ-പ്രിസൺസ് ഇൻ ചാർജ് എന്നിവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

## വെബ് സൈറ്റ് /ഫേസ് ബുക്ക്

1) ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച ഉത്തരവും വകുപ്പിന്റെയും,സർക്കാരിന്റെയും പ്രധാനപ്പെട്ട ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പും ടെക്നിക്കൽ സെല്ലിൽ ഐ-ആപ്പ് മുഖേനയോ, it.prisons@kerala.gov.inഎന്ന ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കുന്നതിന് ജയിൽ ആസ്ഥാന

കാര്യാലയത്തിലെ എല്ലാ സെക്ഷൻ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

2) ജയിലുകളിൽ നടക്കുന്ന പ്രധാന പരിപാടികളുടെ ലഘു വിവരണം, ഫോട്ടോ എന്നിവ യഥാസമയം ടെക്നിക്കൽ സെല്ലിൽ it.prisons@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ആയതിനുവേണ്ടി എല്ലാ ജയിലുകളിലും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ടിയാൻ്റെ പേരു വിവരങ്ങൾ it.prisons@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതുമാണ്.

3) സ്ഥാപന മേധാവികളുടെ സ്ഥലം മാറ്റം/പ്രൊമോഷൻ എന്നിവ വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി റിലീവ് ചെയ്ത തിയതി പ്രസ്തുത ദിവസത്തിലും തുടർന്ന് പ്രൊമോട്ട് ചെയ്യപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്ത തിയതി, യൂണിഫോമിലുള്ള ഫോട്ടോ എന്നിവ യഥാസമയവും ടെക്നിക്കൽ സെല്ലിൽ it.prisons@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിനോദ് കുമാർ എം കെ

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: ജയിൽ സ്ഥാപന മേധാവികൾക്ക്

പകർപ്പ് : 1. ശ്രീ .രാജീവ്. ടി.ആർ,ജോയിൻറ് സൂപ്രണ്ട്, ടെക്നിക്കൽ സെൽ,ജയിൽ ആസ്ഥാന കാര്യാലയം

2. ശ്രീ .സുമന്ത്. വി.എസ്, വെൽഫെയർ ഓഫീസർ ഗ്രേഡ് ! , ജില്ല ജയിൽ, തിരുവനന്തപുരം.